(ഡി ആന്റ് ഇ) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

52 [3060] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന വികലാംഗരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു കാലഘട്ടത്തിൽ ജോലി ചെയ്തിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) എത്രപേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ സർക്കാർ സർവ്വീസിലിരിക്കുന്ന മുഴുവൻ വികലാംഗരായ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകിയിട്ടില്ല. എന്നാൽ 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം ജോലി ചെയ്തിട്ടുള്ള വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ സർക്കാർ സർവ്വീസിലിരിക്കുന്ന വികലാംഗരായ മുഴുവൻ താൽക്കാലിക ജീവനക്കാരേയും സ്ഥിരപ്പെടുത്താനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ പുനർനിയമനം നടത്തി സ്ഥിരപ്പെടുത്താനുള്ള നടപടി

53 [3061] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ 1998 ആഗസ്റ്റ് 15 മുതൽ 2000 ഡിസംബർ 31 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly